"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വിജിലൻസ് വകുപ്പ് - മലപ്പുറം ജില്ലയിലെ നിലമ്പൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തും, വഴിക്കടവ് ആർ.ടി.ഒ ചെക്ക് പോസ്റ്റിലും നടത്തിയ മിന്നൽ പരിശോധന - അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ശ്രീ. ഷഫീസ്.ബി-യ്ക്കെതിരെ കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിജിലൻസ് (എ) വകുപ്പ്

സ.ഉ.(സാധാ) നം.183/2024/VIG തിയതി,തിരുവനന്തപുരം, 27-11-2024

---

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 20/12/2022-ലെ ഇ15(എസ്.സി. 35/2022/എം.പി.എം.)19778/2022 നമ്പർ കത്ത്
2. വിജിലൻസ് ഡയറക്ടറുടെ 25/11/2023-ലെ ഇ15(എസ്.സി. 35/2022/എം.പി.എം.)19778/2022 നമ്പർ കത്ത്
3. 20/04/2024 -ലെ വിജി-എ3/331/2022-വിജി നമ്പർ കുറ്റാരോപണ മെമ്മോ.
4. 04/05/2024-ൽ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നല്കിയ വിജി-എ3/331/ 2022-വിജി നമ്പർ കത്ത്.
5. ശ്രീ. ഷഫീസ്.ബി-യുടെ 05/08/2024 -ലെ പ്രതിവാദ പത്രിക.
6. ട്രാൻസ്പോർട്ട് കമ്മീഷണറുടെ 01/09/2024-ലെ ജി5/74/2022-റ്റിസി നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വഴിക്കടവ് ആർ.ടി.ഒ ചെക്ക് പോസ്റ്റിലെ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നത് സംബന്ധിച്ച സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി.എ.സി.ബി മലപ്പുറം യൂണിറ്റ് മുഖേന 01.07.2022-ന് നിലമ്പൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തും, വഴിക്കടവ് ആർ.ടി.ഒ ചെക്ക് പോസ്റ്റിലും ഒരു മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. മിന്നൽ പരിശോധനയിൽ AMVI ശ്രീ.ഷഫീസ്.ബി എന്നയാളുടെ കൈവശം പ്രൈവറ്റ് ക്യാഷ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയേക്കാൾ 46,870/- രൂപ അധികമായി കണ്ടെത്തിയെന്നും, ടി തുക ടിയാൻ ഡ്യൂട്ടിയിലുണ്ടായിരുന്ന ദിവസങ്ങളിൽ വാഹന ഡ്രൈവർമാരിൽ നിന്ന് കൈക്കൂലി പിരിച്ചതാണെന്ന് ന്യായമായും സംശയിക്കാവുന്നതായും ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ കർശന വകുപ്പുതല നടപടി സ്വീകരിക്കുന്നതിനു മാത്രമാണ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നത്. ടി വിഷയത്തിൽ വിജിലൻസ് ട്രിബ്യൂണൽ അന്വേഷണം നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിന് വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് **എസ്.സി.35/2022/എം.പി.എം.** നമ്പരായി നിലമ്പൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തും, വഴിക്കടവ് ആർ.ടി.ഒ ചെക്ക് പോസ്റ്റിലും നടത്തിയ മിന്നൽ പരിശോധനയിൽ എ.എം.വി.ഐ. ഷഫീസ് ബി-യുടെ പക്കൽ നിന്നും പ്രൈവറ്റ് ക്യാഷ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയേക്കാൾ 46,870/- (നാൽപ്പത്തി ആറായിരത്തി എണ്ണൂറ്റി എഴുപത് രൂപ) അധികമായി കാണപ്പെട്ടിട്ടുണ്ട് എന്നും അതോടൊപ്പം തന്നെ 11.01.2023-ൽ വഴിക്കടവ് ചെക്ക് പോസ്റ്റിൽ **എസ്.സി. 88/2022/എം.പി.എം.** നമ്പരായി നടത്തിയ മിന്നൽ പരിശോധനയിൽ എ.എം.വി.ഐ. ഷഫീസ് ബി-യുടെ പക്കൽ നിന്നും പ്രൈവറ്റ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയേക്കാൾ 220/- (ഇരുന്നൂറ്റി ഇരുപത് രൂപ) അധികമായി കാണപ്പെടുകയും ചെക്ക് പോസ്റ്റിലൂടെ പോക്ക് വരവ് നടക്കുന്ന വാഹനങ്ങളിൽ നിന്നും കൈക്കൂലിയായി ഈടാക്കുന്ന പണം ഇടവിട്ട സമയങ്ങളിൽ ആരും കാണാത്തവിധം ഓഫീസിന്റെ വിവിധ ഭാഗങ്ങളിൽ ഒളിപ്പിച്ചുവെക്കുന്നത് ഓഫീസിന്റെ മുൻഭാഗത്തു വെച്ച ഡിപ്പാർട്ടുമെന്റ് വക

ജനറേറ്ററിന്റെ അടിയിൽ സെലോ ടേപ്പിൽ ചുറ്റിയ നിലയിൽ പൊതിഞ്ഞ് തിരുകി വെച്ചതായ നിലയിൽ 1000/- രൂപ (ആയിരം) ഷഫീസ് ബി ഡ്യൂട്ടിയിലുണ്ടായിരുന്ന സമയത്ത് കണ്ടെടുത്തിട്ടുമുണ്ട് എന്നും പരാമർശം (2) പ്രകാരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. മേല്പറഞ്ഞ രണ്ട് മിന്നൽ പരിശോധനകളിൽ നിന്നും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥൻ സ്ഥിരമായി അവിഹിതമായ മാർഗ്ഗത്തിലൂടെ സാധാരണക്കാരായ ഡ്രൈവർമാരിൽ നിന്നും നിയമവിരുദ്ധമായി അനധികൃത പണം സ്വീകരിക്കുന്നതായും മറ്റും വ്യക്തമായതിനാൽ എ.എം.വി.ഐ. ശ്രീ..ഷഫീസ്.ബി.യ്ക്ക് എതിരെ ട്രൈബ്യൂണൽ എൻക്വയറി നടത്തുന്നതിന് പരാമർശം (2) പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3. സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയും വിജിലൻസ് ഡയറക്ടറുടെ ശിപാർശ അംഗീകരിച്ചതിൻ പ്രകാരം എ.എം.വി.ഐ. ഷഫീസ്.ബി.യ്ക്ക് എതിരെ വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം നടത്തുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊള്ളുകയുണ്ടായി .അതനുസരിച്ച് കുറ്റാരോപിതന് പരാമർശം (4) പ്രകാരം ഗതാഗത കമ്മീഷണർ മുഖേന കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു.

4. എന്നാൽ പ്രസ്തുത കുറ്റപത്രത്തിൽ വിവരിച്ച ആരോപണങ്ങളെല്ലാം നിഷേധിച്ചുകൊണ്ട് പരാമർശം (5) പ്രകാരം കുറ്റാരോപിതൻ സമർപ്പിച്ച പ്രതിവാദ പത്രിക പരാമർശം (6) പ്രകാരം ട്രാൻസ്പോർട് കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി. തന്റെ ഭാഗം വ്യക്തമാക്കുന്നതിനു തന്നെ നേരിൽ കേൾക്കാൻ അവസരം നൽകണമെന്ന അപേക്ഷ പരിഗണിച്ച് 09.10.2024- ന വിജിലൻസ് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി കുറ്റാരോപിതനെ നേരിൽ കേൾക്കുകയുണ്ടായി. പ്രതിവാദ പത്രികയിൽ സമർപ്പിച്ച വാദങ്ങൾ തന്നെ ടിയാൻ ഹിയറിംഗ് വേളയിലും ആവർ ത്തിക്കുകയുണ്ടായി. **എസ്.സി.35/2022/എം.പി.എം** നമ്പറായി റെയിൽവേ സ്റ്റേഷൻ പരിസരത്തു വച്ച് നടത്തിയ പരിശോധന സമയം ടിയാന് ശാരീരിക അസ്വസ്ഥതകൾ കാരണം ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെന്നും ഹോസ്പിറ്റലിൽ വച്ച് രേഖപ്പെടുത്തിയ മൊഴിയിൽ രൂപയുടെ ഉറവിടം വെളിപ്പെടുത്തിയിരുന്നതാണെന്നും ആയത് മൊഴിപ്പകർപ്പിൽ ഉൾപ്പെടുത്തിയിട്ടില്ലയെന്നും കൂടാതെ, ഡ്യൂട്ടി സമയം കഴിഞ്ഞ് റയിൽവേ സ്റ്റേഷനിൽ വച്ച് പരിശോധന നടത്തിയത് ക്രമരഹിതമാണെന്നും ടിയാൻ ആരോപിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റ് ഡ്യൂട്ടിയ്ക്ക് ശേഷം തിരൂർ SRTO-ലേയ്ക്ക് പോകുന്നവേളയിൽ ടി ചെക്ക് പോസ്റ്റിന് സമീപം താമസിക്കുന്ന ബന്ധുവിൽ നിന്നും തന്റെ സ്വകാര്യ ആവശ്യത്തിലേയ്ക്ക് കടമായി 45,000/ രൂപാ ആവശ്യപ്പെട്ടിരുന്നതും, ടി തുക റെയിൽവേ സ്റ്റേഷനിലേയ്ക്കുള്ള വഴിമദ്ധ്യ ആകെ 46,000/ രൂപ തനിക്ക് ലഭ്യമാക്കുകയും ചെയ്തിരുന്നു എന്നും ചെക്ക് പോസ്റ്റിലെ ചിലവുകൾ കഴിച്ച് ബാക്കി തുകയായ 870/- രൂപാ ഉൾപ്പടെ റയിൽവേ സ്റ്റേഷനിൽ എത്തിയ സമയം തന്റെ കൈവശം ആകെ 46.870/ രൂപാ ഉണ്ടായിരുന്നതും, അപ്പോൾ നടത്തിയ പരിശോധനയിൽ തന്റെ കൈവശമുള്ള തുക എണ്ണുകയും 46870/- രൂപാ എണ്ണി തിട്ടപ്പെടുത്തുകയും ചെയ്തു എന്നും ഔദ്യോഗിക ഡ്യൂട്ടിയ്ക്കു ശേഷം ബന്ധു ലഭ്യമാക്കിയിരുന്ന തുകയുടെ വിവരം ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല എന്നും തിരൂർ സബ് റിജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലേക്ക് പോകുന്ന സമയം നിലമ്പൂർ റെയിൽവേ സ്റ്റേഷൻ വെച്ച് പരിശോധന നടത്തി സ്ഥിരീകരിച്ച തുകയും ഉൾപ്പെടെ അനധികൃത തുകയാണെന്ന് രേഖപ്പെടുത്തി ഉന്നയിക്കുന്ന ടി ആക്ഷേപം കൃത്രിമമായി കെട്ടിച്ചമച്ച് ഉണ്ടാക്കിയതാണെന്ന് ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. .

5. വിജിലൻസ് ഉദ്യോഗസ്ഥർ 11.01.2023-ന് വഴിക്കടവ് ചെക്ക് പോസ്റ്റിൽ വീണ്ടും പരിശോധനയ്ക്ക് എത്തുകയും, മുൻവിധിയോടെ നടത്തിയ ടി പരിശോധനയിൽ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലോ യാതൊരു വിധത്തിലുമുള്ള ക്രമക്കേടുകളോ, വൈരുദ്ധ്യങ്ങളോ കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ, കൃത്രിമമായി കെട്ടിച്ചമച്ചുണ്ടാക്കിയ ആക്ഷേപങ്ങളാണ് തനിയ്ക്കെതിരെ ഉന്നയിച്ചിരിക്കുന്നതെന്നും ടി ദിവസം പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള 3300/ രൂപയിലോ മറ്റ് രജിസ്റ്ററുകൾ, ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരുന്ന തുക എന്നിവയിലോ വൈരുദ്ധ്യങ്ങളോ ക്രമക്കേടുകളോ കണ്ടെത്തിയിരുന്നില്ല എന്നും തുടർന്ന് പരിശോധന ഉദ്യോഗസ്ഥർ ചെക്ക് പോസ്റ്റിലൂടെ കടന്നുപോകുന്ന വാഹന ഉടമകളിൽ നിന്നും ശിശുക്ഷേമ സമിതിയുടെ സ്റ്റാമ്പ് നൽകി ലഭ്യമാക്കിയിരുന്ന 270/- രൂപാ പരിശോധിക്കുകയും, ടി തുക ചെക്ക് പോസ്റ്റ്ിലെ സ്റ്റാമ്പ് രജിസ്റ്ററിൽ ഒത്തുനോക്കി സ്ഥിരീകരിച്ചിരുന്നതുമാണെന്നും എന്നാൽ ടി 270/- രൂപാ കണ്ടുകെട്ടുകയും, അതിൽ നിന്നും 220/-രൂപാ തന്റെ കൈയ്യിൽ നിന്നും അനധികൃതമായി കണ്ടെടുത്തതാണെന്ന് ആക്ഷേപമുന്നയിക്കുകമാണുണ്ടായത് എന്നും

ശ്രീ.ഷഫീസ്.ബി പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്.

6. സർക്കാർ ഈ വിഷയം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. കുറ്റാരോപിതൻ സമർപ്പിച്ച പ്രതിവാദ പത്രികയും, ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റ് രേഖകളും പരിശോധിച്ചതിൽ നിന്നും കുറ്റാരോപിതന്റെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായതായി കാണുന്നതിനാലും, ആയതിനു തൃപ്തികരമായ മറുപടി നല്കാൻ ടിയാന് സാധിച്ചിട്ടില്ലാത്തതിനാലും കുറ്റാരോപിതന്റെ വാദങ്ങൾ പ്രഥമദൃഷ്ട്യാൽ ഉള്ള രേഖകൾ കൊണ്ട് ശരിയെന്നു കാണാൻ കഴിയാത്ത സാഹചര്യത്തിലും ആരോപണങ്ങൾ സംബന്ധിച്ച് വിശദമായി അന്വേഷിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിനാലും, ഒന്നിലധികം മിന്നൽ പരിശോധനകളിൽ ടിയാനെതിരെ ക്രമക്കേടുകൾ വിജിലൻസ് കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിലും, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ശ്രീ. ഷഫീസ്.ബി-യ്ക്കെതിരെ കേരള സിവിൽ സർവ്വീസ് (വിജിലൻസ് ട്രിബ്യൂണൽ) റൂൾസ് 1960 പ്രകാരം, കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് കൈക്കൊണ്ട താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

7. പരാമർശത്തിലെ രേഖകൾ, ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ച മറ്റ് രേഖകൾ എന്നിവ കോഴിക്കോട് വിജിലൻസ് ട്രിബ്യൂണലിന് ഇതോടൊപ്പം കൈമാറുന്നു. സർക്കാരിന് വേണ്ടി കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ മുമ്പാകെ ഈ കേസ് നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-നെ ചുമതലപ്പെടുത്തുന്നു.

8. ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും കൃത്യതയോടെ കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ മുമ്പാകെ അവതരിപ്പിക്കുന്നതിന് ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-ന് ആവശ്യമായ സഹായം വിജിലൻസ് ആന്റ് ആൻഡി കറപ്ഷൻ ബ്യൂറോ ഡയറക്ടർ/ഗതാഗത കമ്മീഷണർ എന്നിവർ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AMEER C A

അഡിഷണൽ സെക്രട്ടറി

വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട് (ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യുന്നു. രേഖകൾ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.

ശ്രീ. ഷഫീസ്.ബി, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ,വഴിക്കടവ് (ഗതാഗത കമ്മീഷണർ മുഖാന്തിരം)

ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ഗതാഗത വകുപ്പ്

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Mini T.R

സെക്ഷൻ ഓഫീസർ

Date: 28-11-2024 10:12:33

പകർപ്പ്:-ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.